"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം ജില്ലാപഞ്ചായത്ത്- കോട്ടയം ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എസ് എസ് എൽ സി പരീക്ഷ എഴുതുന്ന പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് അധിക പഠന ക്ലാസ്സുകൾ നൽകുന്ന 'വിദ്യാശ്രീ' പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1085/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-
1. കോട്ടയം ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 26/06/23 തീയതിയിലെ 1(1) നമ്പർ തീരുമാനം
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 ലെ 4.43-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കോട്ടയം ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എസ് എസ് എൽ സി വിദ്യാർത്ഥികൾക്ക് ക്ലാസ്സ് സമയത്തിന് മുമ്പും ശേഷവും അധിക ക്ലാസ്സ് എടുത്തു നൽകുന്ന പദ്ധതിയാണ് 'വിദ്യാശ്രീ'. ടി പദ്ധതി പ്രകാരം അതത് സ്കൂളിലെ അദ്ധ്യാപകർ തന്നെയാണ് സൗജന്യമായി ക്ലാസ്സ് എടുക്കുന്നത്. 65 സർക്കാർ സ്കൂളുകളിലും 166 എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന 2000 കുട്ടികളാണ് പഠനത്തിൽ പിന്നോക്കം നിൽക്കുന്നതെന്ന് കണ്ടെത്തിയിരിക്കുന്നത്. ജനുവരി 23 മുതൽ ഫെബ്രുവരി 25 വരെയാണ് അധിക ക്ലാസ്സ് നൽകുന്നത്. ഇങ്ങനെ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ഒരു വിദ്യാർത്ഥിക്ക് 20 രൂപ ചെലവിൽ റിഫ്രഷ്മെന്റിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് അനുമതി നൽകണമെന്ന് സർക്കാരിനോടഭ്യർത്ഥിക്കാൻ പരാമർശം ഒന്ന് പ്രകാരം തീരുമാനിച്ചിരുന്നു.

2) 06.03.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എസ് എസ് എൽ സി പരീക്ഷ എഴുതുന്ന പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് അധിക പഠന ക്ലാസ്സുകൾ നൽകുന്ന 'വിദ്യാശ്രീ' പദ്ധതി നടപ്പിലാക്കുന്നതിന് കോട്ടയം ജില്ലാപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

സെക്രട്ടറി, കോട്ടയം ജില്ലാപഞ്ചായത്ത്

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 20-06-2024 11:12:56

സെക്ഷൻ ഓഫീസർ